## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2286** **19.07.2016 ൽ മറുപടിയ്ക്ക്**

## അശാസ്ത്രീയമായ കീടനാശിനി പ്രയോഗം

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി

(എ) സംസ്ഥാനത്ത് കൃഷിയിടങ്ങളിൽ നടക്കുന്ന അശാസ്ത്രീയമായ കീടനാശിനി പ്രയോഗം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ ;

(ബി) മാരകമായ കീടനാശിനികൾ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും ജൈവകീടനാശിനികൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**ഉത്തരം**

ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) ഉണ്ട്

(ബി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും ജൈവകീടനാശിനികൾ പ്രോത്സാഹിപ്പിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ബോധവത്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്.

സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 ഇനം കീട/കുമിൾ/കളനാശിനികളുടെ സംഭരണം, വിതരണം ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിക്കുകയും 7 ഇനങ്ങളുടെ ഉപയോഗം അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ നിയന്ത്രണം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഡിപ്പോ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്.

വിള ആരോഗ്യ പരിപാലന പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന രാസ കീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണവും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവ കീടരോഗ

നിയന്ത്രണോപാധികൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു.

കൃഷിവകുപ്പിന്റെ കീഴിലുള്ള മണ്ണുത്തിയിലെ സംസ്ഥാന ബയോ കൺട്രോൾ ലാബിൽ നിന്നും സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോ കാർഡ്സ്, ബ്യൂവേറിയ മുതലായ കീടരോഗ നിയന്ത്രണോപാധികൾ ആവശ്യമനുസരിച്ച് ഉത്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും, കൃഷിഭവനുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ മുഖേനയും ലഭ്യമാക്കുന്നു.

കർഷകർക്ക് ആവശ്യമായ ട്രൈക്കോഡർമ (രോഗനിയന്ത്രണത്തിനുള്ള ജൈവിക മാർഗ്ഗം) അവരുടെ കൃഷിയിടങ്ങളിൽ തന്നെ ഉണ്ടാക്കുന്നതിനുള്ള ചെറിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായം വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു.

പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ ശാക്തീകരിച്ച് പരാദ പ്രാണികളുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മങ്കൊമ്പ് ആസ്ഥാനമായുള്ള കീട നിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫിറമോൺല്യൂർ ഉത്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആരോഗ്യത്തിന് ഹാനികരമായ കീടനാശിനി കളുടെ പ്രയോഗം കണ്ടെത്തുന്നതിനും, കൃഷിയിടങ്ങളിൽ ഇത്തരം കീടനാശിനികൾ പ്രയോഗിക്കുന്ന കർഷകരെ പിൻതിരിപ്പിക്കുന്നതിനുമായി ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തുന്നുണ്ടോ; എങ്കിൽ പ്രസ്തുത കർഷകർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെന്ന് അറിയിക്കുമോ?

(സി) ഉണ്ട്.

കൃഷിയിടങ്ങളിൽ കീടനാശിനികളുടെ അനിയന്ത്രിതവും വിവേചന രഹിതവുമായ ഉപയോഗം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനി കമ്പനികൾ കൃഷിയിടങ്ങളിൽ പോയി കൃഷിക്കാർക്ക് നേരിട്ട് കീടനാശിനികളെ പ്രചരിപ്പിക്കുന്ന ഡെമോൺസ്ട്രേഷനുകളും പരസ്യ പരിപാടികളും നിരോധിച്ചുകൊണ്ട് സർക്കുലർ ഇറക്കിയിട്ടുണ്ട്. പെസ്റ്റിസൈഡ് ഇൻസ്പെക്ടർ മാരായ കൃഷി ഓഫീസർമാർ കീടനാശിനി ഷോറൂമുകളിൽ മാസത്തിൽ രണ്ടുതവണ പരിശോധന നടത്തുകയും ഷോറൂമുകളിലെ സ്റ്റോക്കും വിൽപനയും പരിശോധിക്കേണ്ട താണെന്ന് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള കീട നാശിനികളുടെ വിതരണവും വിൽപനയും തടയുന്നതിനായി ജില്ലാ തലത്തിൽ വിജിലൻസ് കമ്മിറ്റികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ